284/7/2017/FHQ

ഭരണഭാഷ-മാതൃഭാഷ

**കേരള സർക്കാർ**
**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

നം.ഔ.ഭാ.3/90/2017/ഉ.ഭ.പ.വ

തിരുവനന്തപുരം
തീയതി.20.05.2017

സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർ/വകുപ്പ് തലവന്മാർ/
അർദ്ധസർക്കാർ/സ്വയംഭരണ/സഹകരണ/ പൊതുമേഖല/
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലവന്മാർ

സാർ,

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്- 'ഭരണഭാഷാ പുരസ്കാരങ്ങൾ' - 2017- സംബന്ധിച്ച്.

സൂചന:- 14.03.2017-ലെ സ.ഉ.(കൈ) നമ്പർ.8/2017/ഉഭപവ. സർക്കാർ ഉത്തരവ്.

ഔദ്യോഗികഭാഷ പൂർണ്ണമായും മലയാളമാക്കുന്നതിനും ഭരണരംഗത്ത് മലയാളഭാഷയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുമുള്ള വിവിധ പദ്ധതികളുടെ ഭാഗമായി സെക്രട്ടേറിയറ്റ്/ സെക്രട്ടേറിയറ്റിതരവകുപ്പുകൾ/സർക്കാർ/അർദ്ധസർക്കാർ/സ്വയംഭരണ/സഹകരണ/പൊതുമേഖല/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയിലെ ക്ലാസ്സ് 1,2,3 വിഭാഗം, ക്ലാസ്സ്-3 വിഭാഗത്തിൽപ്പെട്ട ടൈപ്പിസ്റ്റ്/കംപ്യൂട്ടർ അസിസ്റ്റന്റ്/ സ്റ്റെനോഗ്രാഫർ എന്നീ സർക്കാർ ജീവനക്കാർക്ക് സംസ്ഥാനതല ഭരണഭാഷാ സേവനപുരസ്കാരങ്ങളും, എല്ലാ വിഭാഗത്തിൽപ്പെട്ട സർക്കാർ ജീവനക്കാർക്ക് ഗ്രന്ഥരചനാ പുരസ്കാരവും (സംസ്ഥാനതലം), ക്ലാസ്-3 വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ജില്ലാതല ഭരണഭാഷാ സേവനപുരസ്കാരവും ഏർപ്പെടുത്തി സൂചന പ്രകാരം ഉത്തരവായിരുന്നു.

ഭരണഭാഷാ പുരസ്കാരങ്ങൾ-2017 സംബന്ധിച്ച് താങ്കളുടെ ജില്ലയിൽ/വകുപ്പിൽ വ്യാപകമായ പ്രചാരണം നൽകേണ്ടതും ഇതു സംബന്ധിച്ച വിവരം എല്ലാ ഓഫീസുകളിലും ജീവനക്കാരിലും എത്തിക്കേണ്ടതുമാണ്. അപേക്ഷകൾ നിശ്ചിതഫാറത്തിൽ 2017 ജൂൺ 1 മുതൽ ജൂലൈ 10-നകം സമർപ്പിക്കേണ്ടതാണ്. ഭരണഭാഷാ പുരസ്കാരങ്ങൾ (സംസ്ഥാനതലം), ഭരണഭാഷാ ഗ്രന്ഥരചനാ പുരസ്കാരം എന്നിവയ്ക്കുള്ള അപേക്ഷകൾ സർക്കാരിനും, ജില്ലാതല ഭരണഭാഷാ സേവന പുരസ്കാരത്തിനായുള്ള അപേക്ഷകൾ അതത് ജില്ലാ കളക്ടർമാർക്കും ജൂലൈ 10-നകം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും താല്പര്യപ്പെടുന്നു. പുരസ്കാരങ്ങൾ സംബന്ധിച്ച നിബന്ധനകളും അപേക്ഷാഫാറങ്ങളും അടങ്ങിയ ഉത്തരവ് ഇതോടൊപ്പം ചേർക്കുന്നു.

വിശ്വസ്തതയോടെ,
**കെ. ആർ. ജ്യോതിലാൽ**
സെക്രട്ടറി

**ഉള്ളടക്കം - സൂചനയിലെ ഉത്തരവ്**

HoFF

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

31/05 urgent / Timelimit

മേലെഴുത്ത് നം. ഇ6-54464/15, തീയതി 04.07.17

സർക്കാരിന്റെ ഉത്തരവും ഉള്ളടക്കവും വനം വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി സി.സി.എഫ് (IT) ക്ക് നൽകുന്നു.

fo APCCF (Admn)

04.07.17